**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3** **07-06-2021 - ൽ മറുപടിയ്ക്ക്**

**വൻകിട പദ്ധതികൾക്കായി സ്വതന്ത്രവകുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികൾ സ്വതന്ത്ര വകുപ്പിനു കീഴിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇല്ല. ബൃഹദ് പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യാനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി സ.ഉ.(കൈ) നം. 105/2021/പൊ.ഭ.വ., തീയതി 21.05.2021 പ്രകാരം രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഗുണഫലങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (ബി) | പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ & മോണിറ്ററിംഗ് വകുപ്പ് (പദ്ധതി നിർവ്വഹണ, അവലോകന, മേൽനോട്ട വകുപ്പ്) രൂപീകരിക്കുന്നത് നിലവിൽ വിവിധ പദ്ധതികളുടെ പുരോഗതി തൽസമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയേയും അറിയിക്കുന്നത് ഏറെ സഹായകരമാകും. |
| (സി) | ഏതൊക്കെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തുന്നതെന്നും എങ്ങനെയാണ് പ്രവർത്തനരീതിയെന്നും വിശദമാക്കുമോ? | (സി) | ഇക്കാര്യത്തിൽ പൊതുഭരണ (ഏകോപനം) വകുപ്പ് പുറപ്പെടുവിച്ച 21.05.2021-ലെ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണം - ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിനെ പദ്ധതി നിർവ്വഹണ അവലോകന മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര വകുപ്പായി രൂപീകരിച്ചുകൊണ്ടും, ആയത് പ്രകാരം റൂൾസ് ഓഫ് ബിസിനസ്സിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി അനുമതി നൽകികൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ. (കൈ)നം.105/2021/പൊഭവ. തീയതി, തിരുവനന്തപുരം,21.05.2021.

## ഉത്തരവ്

പശ്ചാത്തല സൗകര്യ വികസനത്തിന രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ ബൃഹദ്പദ്ധതികളുടെ അടക്കം പുരോഗതി അവലോകനം ചെയ്യാനും മേൽനോട്ടം വഹിക്കാനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പ് മന്ത്രിമാരെയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

റൂൾസ് ഓഫ് ബിസിനസ്സിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കുവാൻ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (എസ്.എസ്) വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
കെ.ആർ.ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ&ഇ), തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (മന്ത്രിസഭായോഗം ഇനം.ഒ.എ.07, തീയതി, 20.05.2021)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
പൊതുഭരണ (എസ്.എസ്) വകുപ്പ്
പൊതുഭരണ (സർവ്വീസസ്-ഇ) വകുപ്പ്
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ